**യേഷാം സ ഏവ ഭഗവാൻ ദയയേദനന്ത**
**സ്സർവാത്മനാ*ff*ശ്രിതപദോ യദി നിർവ്യളീകം**
**തേ ദുസ്തരാമതിതരന്തി ച ദേവമായാം**
**നൈഷാം മമാഹമിതി ധീ: ശ്വസൃഗാലഭക്ഷ്യേ (2–7–42)**

സൃഷ്ടികർത്താവായ ബ്രഹ്മാവുതുടർന്നു:
മനുഷ്യലോകത്തിൽ ഭഗവാൻ എടുത്തിട്ടുള്ള അവതാരങ്ങളെപ്പറ്റി ഞാൻ ചുരുക്കത്തിൽ വിവരിച്ചു തരാം. ഹിരണ്യാക്ഷൻെറ ദുശ്ശക്തിയെ വെല്ലാൻ ഒരുപന്നിയായി അവതരിച്ച് താഴ്ന്നുപോയ ഭൂമിയെ ഭഗവാൻ ഉയർത്തിക്കൊണ്ടുവന്നു. ലോകത്തിൻെറ ദു:ഖശാന്തിക്കായി പലപ്പോഴുമായി ഭഗവാനവതരിച്ചു. കപിലമുനിയായിവന്ന് ജ്ഞാനമാർഗ്ഗത്തെ കാണിച്ചുതന്നു. ദത്താത്രേയനായി വന്ന് പല രാജാക്കൻമാർക്കും ഈശ്വരസാക്ഷാത്ക്കാരത്തിനു വേണ്ട ഉപദേശങ്ങൾ നൽകി. ഞാൻ തപസ്സിലായിരുന്നപ്പോൾ ലോകംമറന്നുപോയ സത്യതത്വങ്ങളെ സനത്കുമാരന്മാരുടെ രൂപത്തിൽവന്നു പ്രഖ്യാപിച്ചു. നരനായും നാരായണനായും വന്ന് സന്യാസവൃത്തിയുടെ പരമോന്നതി എന്തെന്നും കാമക്രോധങ്ങളെ ജയിക്കുന്ന തെങ്ങിനെയെന്നും വെളിപ്പെടുത്തി. അദ്ദേഹം ധ്രുവനെ അനുഗ്രഹിച്ചു. ഭൂമിക്കടിയിലെ നിധിയെടുക്കാൻ പ്രഥുവായി അവതരിച്ചു. ഋഷഭനായി സന്യാസിവര്യന്മാരുടെ ശ്രേഷ്ഠതക്കുദാഹരണമായി. ഹയഗ്രീവനായി വന്ന് വേദങ്ങൾ ഉഛ്വാസവായുപോലെ ഉരുവിട്ടു. ലോകവും വേദങ്ങളും രക്ഷിക്കാൻ മത്സ്യാവതാരമെടുത്തു. ദിവ്യനായ ഒരാമയുടെ രൂപത്തിൽവന്ന് പാലാഴി കടയാനുപയോഗിച്ച പർവ്വതത്തെ താങ്ങിനിർത്തി. നരസിംഹമായി വന്ന് ദേവതകളുടെ ഭയത്തെ അകറ്റി ഹിരണ്യകശിപുവിനു മോക്ഷമേകി. മുതലയുടെ പിടിയിലകപ്പെട്ട ഗജേന്ദ്രന് രക്ഷയേകി. കുള്ളനായി ബ്രാഹ്മണവേഷത്തിൽ അവതരിച്ച് ഭൂമിയും സ്വർഗ്ഗവും കാലുകൊണ്ടളന്ന് മഹാബലിക്ക് മോക്ഷമേകുകയും ചെയ്തു. ആ ഭഗവാനുപോലും എളിമ അലങ്കാരമാണെന്ന് അങ്ങിനെ അറിയപ്പെട്ടു. ഹംസമായിവന്ന് നാരദാ, നിന്നെ ഭക്തിസൂത്രം പഠിപ്പിച്ചു. ഓർക്കുന്നമാത്രയിൽ സർവ്വരോഗങ്ങളിൽനിന്നും മുക്തി കിട്ടാൻ പര്യാപ്തമായ ധന്വന്തരിയായും അവിടുന്നവതരിച്ചു. ദുഷ്ടരാജാക്കന്മാരെ വകവരുത്താനായി പരശുരാമനായി അദ്ദേഹം. രാവണഗർവ്വമടക്കാൻ ശ്രീരാമനായി. രാക്ഷസാവതാരങ്ങളായ ദുഷ്ടരാജാക്കന്മാരാൽ ഭൂമിക്കുണ്ടായ ഭാരംതീർക്കാൻ ബലരാമനും ശ്രീകൃഷ്ണ നുമായി. വ്യാസഭഗവാനായിവന്നു വേദങ്ങൾക്ക് ലളിതഭാഷ്യം ചമച്ച്, ബുദ്ധി കുറഞ്ഞവർക്കുപോലും വേദാദ്ധ്യയനത്തിനവസരം നൽകി. രാക്ഷസന്മാർ പറക്കുന്ന കൊട്ടാരങ്ങളിൽനിന്നും മനുഷ്യരെ നശിപ്പിക്കാൻ തുടങ്ങുമ്പോൾ ആ ഭഗവാൻ രക്ഷക്കെത്തും. ഇനി കൽക്കിയായി അവതരിച്ച് കലികാലത്തിൻെറ ദുഷ്പ്രവണതകളെ (ഭഗവൽനാമമഹിമാകഥനത്തിന് മുടക്കംവരിക തുടങ്ങിയവ) അദ്ദേഹം നിശ്ശേഷമില്ലാതാക്കും.

ഇതൊക്കെയാണാ മായയുടെമഹിമ. നായ്ക്കൾക്കും കുറുക്കനും തിന്നാനുതകുന്ന ഈ ശരീരത്തെ ആത്മാവെന്നു കരുതാതെ സർവ്വസ്വവും ഭഗവൽപാദങ്ങളിലർപ്പിക്കുന്നവർക്കു മാത്രമേ ഭഗവൽമായയെ തരണംചെയ്യാനുതകുന്ന അനുഗ്രഹവർഷം ലഭിക്കൂ. അവർക്ക് സർവ്വതും സർവ്വേശ്വരൻ തന്നെയെന്ന സാക്ഷാത്ക്കാരം ലഭിക്കുന്നു. മായാസമുദ്രം കടക്കാൻ പാപജീവികൾക്കും മൃഗങ്ങൾക്കും പക്ഷികൾക്കു പോലും സാദ്ധ്യമത്രെ. ശരിയായഭക്തിയിലൂടെ വേദശാസ്ത്രങ്ങളനുസരിച്ചു ജീവിക്കുന്ന ഏതൊരു ജീവിക്കും ഇതുസാദ്ധ്യമാണ്. നാരദാ, ഇതാണുഭാഗവതത്തിൻെറ സാരസംക്ഷിപ്തം. ഭഗവാനിൽനിന്നു ഞാനിതു നേരിട്ടറിഞ്ഞതാണ്. ഇനി നീയിതിനെ വേണ്ടരീതിയിൽ വ്യാഖ്യാനിച്ച് വിവരിക്കേണ്ടിയിരിക്കുന്നു. ഇതു പറയുന്നവർക്കും കേൾക്കുന്നവർക്കും മായയുടെ പിടിയിൽ കുരുങ്ങിക്കിടക്കേണ്ടതായി വരുന്നില്ല തന്നെ.